# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **15.05.2017-ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 3754**

## മക്കരപറമ്പ് ഹയർസെക്കണ്ടറി സ്കൂളിനെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ സൂചിപ്പിച്ചിരുന്നതും മങ്കട നിയോജകമണ്ഡലത്തിൽ നിന്നും തെരെഞ്ഞടുത്തതുമായ മക്കരപറമ്പ് ഹയർസെക്കണ്ടറി സ്കൂളിനെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നുവെന്ന് അറിയിക്കാമോ; | (എ) മങ്കട നിയോജകമണ്ഡലത്തിൽ നിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടുന്നതിന് മക്കരപ്പറമ്പ് ഗവ.ഹയർ സെക്കന്ററി സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) ഇതിലേക്കായി മക്കരപ്പറമ്പ് ജി.എച്ച്.എസ്.എസ് ഡി.പി.ആർ തയ്യാറാക്കി നല്കിയിട്ടുണ്ടോ; | (ബി) പദ്ധതി നിർവ്വഹണത്തിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) ലഭ്യമായിട്ടില്ല. |
| (സി) ആദ്യഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ടി സ്കൂളിലെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതാണ്. കൂടാതെ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടുന്നതോടെ പ്രസ്തുത സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളിലും ഗണ്യമായ മാറ്റം വരുന്നതാണ്. കൂടാതെ കാലോചിതമായ മാറ്റം ഉൾക്കൊണ്ടു കൊണ്ടുള്ള അദ്ധ്യാപക പരിശീലന പരിപാടികൾ നടന്നുവരുന്ന തിനാൽ അക്കാദമിക തലത്തിലും കാര്യമായ പുരോഗതി ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ